## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 386 | 01. 12. 2015 ൽ മറുപടിക്ക്

### കെ.എസ്. ഇ.ബി.യിലെ ജീവനക്കാരുടെ വേതന നിർണ്ണയ കരാർ

ചോദ്യം | ഉത്തരം

ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ)കെ.എസ്.ഇ.ബി. യിലെ ജീവനക്കാരുടെ വേതന നിർണ്ണയത്തിനുള്ള ദീർഘകാല കരാർ കാലാവധി അവസാനിച്ചതെന്നാണ്; കാലഹരണപ്പെട്ട കരാറിന്റെ സ്ഥാനത്ത് പുതിയ കരാർ രൂപീകരിക്കുന്നതിന് ബോർഡ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഓഫീസർ കാറ്റഗറിയിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി 30.06.2013-നും വർക്ക്മെൻ കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി 31.07.2013-നും അവസാനിച്ചു. പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടില്ല |
| (ബി) പുതിയ കരാറിന് കഴിഞ്ഞ കരാർ കാലാവധി അവസാനിച്ച തീയതി മുതൽ മുൻകാല പ്രാബല്യം നൽകുന്നത് പരിഗണിക്കുമോ; | (ബി) ശമ്പള പരിഷ്കരണ ചർച്ചകളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ മുൻനിർത്തിയും, കരാർ രൂപപ്പെടുത്തുന്നതിന് മുൻകാലങ്ങളിൽ പാലിച്ച വരുന്ന വ്യവസ്ഥകൾ, നിബന്ധനകൾ/ നിയമങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകിയുമായിരിക്കും ശമ്പള പരിഷ്കരണ കരാറിന്റെ പ്രാബല്യം സംബന്ധിച്ച വിഷയത്തിൽ തീരുമാനം എടുക്കുന്നത്. |
| (സി)ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അധികമായി ആവശ്യമുള്ള തുകയ്ക്ക് കേരള സ്റ്റേറ്റ് വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) ശമ്പള പരിഷ്കരണം മുഖേന ഓരോ സാമ്പത്തിക വർഷത്തിലും, ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത, ഇലക്ട്രിസിറ്റി ബോർഡ് ഓരോ സാമ്പത്തിക വർഷത്തിലും, സംസ്ഥാന ഇലക്ട്രിസിറ്റി |

റെഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിക്കുന്ന A.R.R. പെറ്റീഷൻ മുഖേന കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കുന്നുണ്ട്. വിശദവിവരം, താഴെ കൊടുത്തിരിക്കുന്നു

| സാമ്പത്തിക വർഷം | ആവശ്യപ്പെട്ട തുക (കോടിയിൽ) | കമ്മീഷൻ അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 2013-14 | 82.55 | പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല. |
| 2014-15 | 120.47 | 72 |
| 2015-16 | 125.41 | ARR പെറ്റീഷനുമേൽ നാളിതുവരെ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ